## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1056 28.04.2017 ലെ മറുപടി**

## കുളങ്ങൾ നവീകരിക്കാനും നിർമ്മിക്കാനും പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കൃഷ്ണൻ കുട്ടി:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷം സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കാനും പുതിയവ നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.<br>കൂടാതെ, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന നടപ്പ് സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടെ, ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട്, കണ്ണൂർ ജില്ലകളിൽ കുളങ്ങൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) കഴിഞ്ഞ വർഷം എത്ര കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത്; | (ബി) കഴിഞ്ഞ വർഷം കുളങ്ങളുടെ നവീകരണത്തിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആർ.ആർ.ആർ, നബാർഡ്, പതിമൂന്നാം ധനകാര്യ കമ്മിഷൻ എന്നീ വിവിധ പദ്ധതികളിലുൾപ്പെടുത്തി 501 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.<br>മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധന സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 56 കുളങ്ങൾ പുനരുദ്ധരിക്കുവാനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയതിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 31 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുളങ്ങളുടെ നവീകരണത്തിനായി, ഹരിത കേരളം പദ്ധതിക്കു പുറമെ ജലസേചന വകുപ്പ് ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുളളത്; | (സി) | കുളങ്ങളുടെ നവീകരണത്തിനായി ഹരിത കേരളം പദ്ധതിയ്ക്കു പുറമേ ഈ സാമ്പത്തിക വർഷം ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം (4702-00-101-64) എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നവീകരിക്കാനുദ്ദേശിക്കുന്ന കുളങ്ങൾ, മണ്ണു സംരക്ഷണ വിഭാഗം നവീകരിക്കുന്ന കുളങ്ങൾ, മൈനർ ഇറിഗേഷന്റെ നിയന്ത്രണത്തിലുള്ള കുളങ്ങൾ എന്നിവയുടെ ലിസ്റ്റ്, വകയിരുത്തിയിട്ടുള്ള തുക സഹിതം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ; | (ഡി) | ഇറിഗേഷൻ വകുപ്പിൽ വകുപ്പ് തിരിച്ച് കുളങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളും ക്ഷേത്ര കുളങ്ങളും ഉൾപ്പെടുത്തി ജലസേചന വകുപ്പിന്റെ ഐ.ഡി.ആർ.ബി വിഭാഗത്തിൽ 41028 കുളങ്ങളുടെ പട്ടിക ആവർത്തനം ഒഴിവാക്കുവാനായി identification number കൊടുത്ത് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 പൊതു കുളങ്ങൾ നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയും വളരെ വലിയ കുളങ്ങൾ വകുപ്പ് നേരിട്ടുമാണ് പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് 6011 കുളങ്ങളുടെ വിവരങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നല്കിയിട്ടുണ്ട്.<br><br>മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്ത് നവീകരിക്കാനുദ്ദേശിക്കുന്ന കുളങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഇവ മൂന്നിലും പെടാതെ, ഓരോ ഗ്രാമ പഞ്ചായത്തിലും പുനർനിർമ്മിക്കേണ്ട കുളങ്ങൾ, പുതിയതായി ആവശ്യമുള്ള കുളങ്ങൾ എന്നിവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | (ഇ) | ഓരോ ഗ്രാമപഞ്ചായത്തിലും പുനർ നിർമ്മിക്കേണ്ടതും പുതിയതായി ആവശ്യമുള്ളതുമായ കുളങ്ങളുടെ ലിസ്റ്റ് നിലവിൽ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | ബ്ലോക്ക് | കുളങ്ങളുടെ എണ്ണം | പദ്ധതി അടങ്കൽ (തുക ലക്ഷത്തിൽ) |
|---|---|---|---|
| കണ്ണൂർ | കൂത്തുപറമ്പ് | 14 | 149.78 |
| പാലക്കാട് | ചിറ്റൂർ | 7 | 307.94 |
| | കുഴൽമന്ദം | 1 | 36.41 |
| | മണ്ണാർക്കാട് | 3 | 27.07 |
| | കൊല്ലംകോട് | 2 | 104.23 |
| | മലമ്പുഴ | 7 | 266.29 |
| | പാലക്കാട് | 5 | 83.84 |

**സെക്ഷൻ ഓഫീസർ**